(എ) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി പട്ടികജാതി-പട്ടികവർഗ്ഗക്ഷേമവകുപ്പിൽ നിന്നും പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ചികിൽസാ സഹായം അനുവദിച്ചു എന്നറിയിക്കാമോ ;

(ബി) എന്തു തുകയുടെ ചികിൽസാസഹായം ഇവർക്കായി ലഭ്യമാക്കി എന്ന് ജില്ലതിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ) 1998 ജനുവരിയിൽ പദ്ധതി നിലവിൽ വന്നതുമുതൽ 2000 ജനുവരി വരെ പട്ടിക ജാതിയിൽപ്പെട്ട 2356 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 454 പേർക്കും ചികിൽസാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ചികിൽസാ ധനസഹായമായി അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദ വിവരം ചുവടെ കൊടുക്കുന്നു. *

**പട്ടികജാതി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യം**

6 (1671) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും സമുദായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) പുതുതായി ഏതെങ്കിലും സമുദായത്തെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ചേർത്തിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം സമുദായത്തെ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**സാഹിത്യകൃതികൾ പ്രസിദ്ധീകരിക്കാൻ ഗ്രാന്റ്**

7 (1672) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുവാനായി ഗവൺമെന്റ് നൽകുന്ന ഗ്രാന്റിനത്തിൽ ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly